(ബി) ഗ്രാമീണാരോഗ്യമേഖലയിൽ 896 സ്പെഷ്യലിസ്റ്റുകൾ വേണ്ടിടത്ത് വെറും 36 പേർ മാത്രമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാരിന്റെ അനാസ്ഥ കൊണ്ട് ഗ്രാമീണാരോഗ്യ മേഖല നിശ്ചലമാകാനിടയായതു മൂലം ഗ്രാമീണ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ നിർബന്ധിത ഗ്രാമീണ സേവനത്തിനുപകരം സ്വമേധയായുള്ള ഗ്രാമീണസേവനം കൊണ്ടുവരികയാണ് ഈ സർക്കാർ ചെയ്തത്. ഹൗസ് സർജൻസി കഴിഞ്ഞ ഡോക്ടർമാരുടെ നിരന്തരമായ പരാതികളും നിവേദനങ്ങളും പരിഗണിച്ചാണ് സർക്കാർ ഇത് നടപ്പാക്കിയത്.

(ബി) ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആണ് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമീണ മേഖലയിലുള്ള ചില സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഗ്രാമീണമേഖലയിൽ കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) സർക്കാരിന്റെ അനാസ്ഥമൂലം ഗ്രാമീണാരോഗ്യ മേഖല നിശ്ചലമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമീണാരോഗ്യമേഖലയിൽ പി.എച്ച്.സി-കളും സി.എച്ച്.സി-കളും പ്രവർത്തിച്ചുവരുന്നുണ്ട്. പരിമിതമായ സ്പെഷ്യാലിറ്റി സൗകര്യ ങ്ങളുടെ അഭാവമുള്ളയിടങ്ങളിൽ താലൂക്ക്-ജില്ലാ ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്യാറുണ്ട്. കൂടാതെ സബ്സെന്ററുകളിൽ എല്ലാ ആഴ്ചയും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകളും (NCD) പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ ആരോഗ്യ പദ്ധതികളും ഗ്രാമീണമേഖലയിൽ ആരോഗ്യപ്രവർത്തകർ വഴി നടപ്പിലാക്കിവരുന്നുണ്ട്.

സിക വൈറസ്-മുൻകരുതലുകൾ

12 (2286) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക വൈറസ് കേരള സംസ്ഥാനത്ത് എത്തിപ്പെടാതിരിക്കാൻ ആരോഗ്യ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളും മുൻകരുതലുകളും, പ്രസ്തുത രോഗപരിശോധനാ നടപടികളും എന്താണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് വേണ്ട ജാഗ്രത/ചികിത്സാ സൗകര്യം/ പരിശോധനാ സൗകര്യം/കൊതുക നശീകരണം/ജനങ്ങളെ ബോധവത്കരിക്കൽ എന്നിവ ഓരോന്നിനുമായി വകുപ്പ് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) ഡെങ്കി, ചിക്കുൻഗുനിയ, ജപ്പാൻജ്വരം എന്നീ ഈഡിസ് കൊതുക പരത്തുന്ന രോഗങ്ങൾക്ക് വിധേയരായി നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിയവർ എത്ര; മരണപ്പെട്ടവർ എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സിക വൈറസ് രോഗം നാളിതുവരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും രോഗം കേരളത്തിലെത്താൻ സാധ്യത വിമാനമാർഗ്ഗവും കപ്പൽ മാർഗ്ഗവുമായതിനാൽ മുൻകരുതലായി സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളിലെയും തുറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരെയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും സംവിധാനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. രക്തപരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.

സികരോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.-പത്രപരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ആരോഗ്യ വകുപ്പുമന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും അടിയന്തര യോഗങ്ങൾ കൂടി തീരുമാനങ്ങളെടുത്തു. എല്ലാ ജില്ലകളിലുമുള്ള ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് സിക വൈറസ് രോഗം സംബന്ധിച്ച് കേന്ദ്ര ആരോഗ്യ വകുപ്പിൽനിന്നും ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, സംയോജിത കൊതുകുനിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ നൽകി. ഇതനുസരിച്ച് ജില്ലകളിൽ രോഗനിരീക്ഷണം, കൊതുക നിരീക്ഷണം, ഉറവിട നശീകരണം, ഫോഗിംഗ്, ബോധവത്ക്കരണം തുടങ്ങിയവ നടത്തിവരുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾവഴി വിമാനത്താവളം, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് ദിവസേന കൊതുകുനിരീക്ഷണവും നശീകരണവും നടത്തി വരുന്നുണ്ട്. പരിശോധനകൾ വിമാനത്താവളങ്ങളിലും നിർദ്ദിഷ്ട ആശുപത്രികളിലും നടത്താൻ നിർദ്ദേശം നൽകി. സ്ഥിരീകരണം, എൻ.ഐ.വി. (പൂന), എൻ.സി.ഡി.സി. (ഡൽഹി) എന്നിവിടങ്ങളിൽ നടത്താൻ സാധിക്കും. ജനങ്ങൾക്ക് ബോധവത്ക്കരണം ആരോഗ്യകേന്ദ്രങ്ങളിൽ കൂടി നൽകുന്നു. പത്രവാർത്തകളും, ടി.വി, റേഡിയോ വഴിയുള്ള ബോധവത്ക്കരണവും നടത്തുന്നു.

(സി) ജപ്പാൻജ്വരം ഈഡിസ് കൊതുകല്ല പരത്തുന്നത്. ഡെങ്കിപ്പനി 2015-ൽ 4113 പേരെയും ഈ സർക്കാർ നിലവിൽ വന്നശേഷം 20340 പേരെയും ബാധിച്ചു. ഇതുമൂലം 2015-ൽ 29 പേർ ഉൾപ്പെടെ ആകെ 96 പേർ മരിച്ചു. ചിക്കുൻഗുനിയ 2015-ൽ 152 പേരെയും ഈ സർക്കാർ നിലവിൽ വന്നശേഷം 807 പേരെയും ബാധിച്ചു. ഇതുമൂലം ആരും മരിച്ചിട്ടില്ല. ജപ്പാൻജ്വരം ഈ സർക്കാർ നിലവിൽവന്നശേഷം 40 പേരെ ബാധിച്ചു. ഇതുമൂലം 5 പേർ മരിച്ചു.